# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

04.04.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 6794

## കടൽ മത്സ്യസമ്പത്ത് ചൂഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിന്നും മത്സ്യ ബന്ധനത്തിന് പോകുന്ന ബോട്ടുകൾ ചെറു മീനുകളെ പിടിക്കുന്നത് സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | മത്സ്യബന്ധന ബോട്ടുകൾ ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിന് സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രധാനപ്പെട്ട മത്സ്യബന്ധന വലകളുടെ കുറഞ്ഞ കണ്ണിവലിപ്പം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 58 ഇനം മത്സ്യങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (Minimum Legal Size) നിശ്ചയിച്ചിട്ടുണ്ട്. ചെറുമീനുകളെ പിടിച്ചു വരുന്ന യാനങ്ങളെ കണ്ടുകെട്ടുന്നതിനും, പിഴ ചുമത്തുന്നതിനും മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ടിൽ (KMFR Act) ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | കടൽ മത്സ്യ സമ്പത്ത് ചൂഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഔദ്യോഗിക നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രഖ്യാപിച്ചിട്ടില്ല. |
| (സി) | ഓരോ മത്സ്യബന്ധന തുറമുഖത്തുനിന്നും മത്സ്യ ബന്ധനത്തിന് പോകുന്ന മത്സ്യബന്ധന യാനങ്ങൾ അതത് തുറമുഖങ്ങളിൽ രജിസ്റ്റർ ചെയ്യുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നതിന് സംവിധാനമുണ്ടോ; വിശദീകരിക്കുമോ? | (സി) | ഓരോ മത്സ്യബന്ധന തുറമുഖത്തു നിന്നും മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യബന്ധന യാനങ്ങൾ അതാത് തുറമുഖങ്ങളിൽ രജിസ്റ്റർ ചെയ്യുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നതിന് നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം ഒരു സംവിധാനം അനിവാര്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.സി യുടെ നേതൃത്വത്തിൽ 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപപ്പെടുത്തി പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട് ആയത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്ന മുറയ്ക്ക് മുകളിൽ പറഞ്ഞ സംവിധാനം പ്രാവർത്തികമാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ